ഷാപ്പുകൾക്ക് വിതരണം ചെയ്ത ചാരായം

1177. [1610] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബ റാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-84, 1984-85 എന്നീ ഓരോ വർഷവും ചാരായ ഷാപ്പുകൾക്ക് കാട്ടയായും സ്പെഷ്യൽ കാട്ടയായും വിതരണം ചെയ്ത ചാരായത്തിന്റെ റെയിഞ്ച് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചാരായം ആവശ്യാനുസരണം സപ്ലൈ ചെയ്യാത്തതിന്റെ പേരിൽ ഈ വർഷങ്ങളിൽ കോൺട്രാക്ടർമാർ നഷ്ട പരിഹാരത്തിന് കോടതികളിൽ കേസ് കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ; കേസുകൾ തീരുമാനമായോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †
(ബി) വിവരം ശേഖരിച്ചു വരുന്നു.

മദ്യഷാപ്പുകളുടെ ലേലത്തുക

1178 [1612] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 വർഷത്തിൽ മദ്യഷാപ്പുകളുടെ ലേലത്തുക എത്ര ;

(ബി) വിദേശമദ്യം, ചാരായം, കള്ള് എന്നീ ഓരോ ഇനം മദ്യത്തിനും 1984-85, 1985-86 എന്നീ വർഷങ്ങളിൽ ഓരോ റെയിഞ്ചിലേയും ലേലത്തുക എത്ര വീതം ?

ഉത്തരം

(എ) 74,88,94,683 രൂപ.
(ബി) വിവരം ശേഖരിച്ചു വരുന്നു.

കള്ളു വ്യവസായ നവീകരണം

1179 [1613] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ളു വ്യവസായം നവീകരിക്കുന്നതിന് ഏതെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

അബ്കാരി കുടിശിക

1180 [1614] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ലെ അബ്കാരി കുടിശ്ശിക വല്ലതും പിരിഞ്ഞു കിട്ടാനുണ്ടോ ;

(ബി) എങ്കിൽ എന്തു തുക ;

(സി) ഇത് റേഞ്ചടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7,59,08,597,80 രൂപ.

(സി) റേഞ്ചടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

എക്സൈസ് വകുപ്പുമന്ത്രിയുടെ അധികാരപരിധിയിലുള്ള കോർപ്പറേഷനുകളും ബോർഡുകളും

1181 [1615] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പുമന്ത്രിയുടെ അധികാര പരിധിയിൽ എത്ര കോർപ്പറേഷനുകളും ബോർഡുകളും ഉണ്ട് ;

(ബി) ആ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെയും ഡയറക്ടർ ബോർഡ് മെമ്പർമാരുടെയും പേരുകൾ വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-3-1985 വരെ മേൽപ്പറഞ്ഞ ഓരോ ചെയർമാൻമാർക്കും, ഓരോ ഡയറക്ടർമാർക്കും മെമ്പർമാർക്കും, ശമ്പളം ടി. എ., ഡി. എ., മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ നൽകിയ സംഖ്യ എത്ര വീതമാണ് ;

(ഡി) ഓരോ കോർപ്പറേഷനുകളിലും ബോർഡുകളിലും ഈ ഇനത്തിൽ ആകെ വന്ന സംഖ്യ എത്ര വീതമാണ് ;

(ഇ) മേൽപ്പറഞ്ഞ ഓരോ സ്ഥാപനങ്ങളിലും ഈ കാലയളവിൽ പെട്രോൾ, ഡീസൽ എന്നീ വകയിൽ ആകെ എത്ര സംഖ്യ വീതം ചെലവു വന്നിട്ടുണ്ട് ?

ഉത്തരം

(എ) ഒന്ന് (കേരളാ സ്റ്റേറ്റ് ബിവറേജസ് മാനുഫാക്ചറിംഗ് ആൻറ് മാർക്കറ്റിംഗ് കോർപ്പറേഷൻ ലിമിറ്റഡ്)

(ബി) ചെയർമാൻ ശ്രീ. എം: പി. ഭരതൻ, മാനേജിംഗ് ഡയറക്ടർ ശ്രീ. എം. ജി. വാസുദേവൻ.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly